# എടവക ഗ്രാമപഞ്ചായത്ത്

**An ISO 9001:2005 Certified Grama Panchayat**

# വാർഷിക ബഡ്ജറ്റ്

## 2024-25

അവതരണം

ഗിരിജ സുധാകരൻ

വൈസ് പ്രസിഡൻറ്

# <u>മുഖവുര</u>

പ്രിയരേ,



എടവക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നാലാമത് വാർഷിക പൊതു ബജറ്റ് ശ്രീമതി ഗിരിജ സുധാകരൻ അവതരിപ്പിക്കുകയാണ്. വൈവിധ്യങ്ങളാലും വികസനോത്സുക തയാലും എന്നും വിസ്മയകരമായ ബജറ്റുകളാണ് എടവക ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള ഭരണ സമിതി ഇതുവരെ അവതരിപ്പിച്ചിട്ടുള്ളത്. സുസ്ഥിരവികസന ലക്ഷ്യം നേടാൻ തുടർ പദ്ധതികളായി വിവിധ വികസന പരിപാടികൾ ഭരണ സമിതിക്ക് തുടർന്നു കൊണ്ടുപോകേണ്ടതുണ്ട്. ജനസൗഹൃദപരവും നൂതനവുമായ സമകാലിക പ്രസക്തവുമായ ധാരാളം പദ്ധതികളുമായാണ് 2024-25 വർഷത്തേക്കുള്ള പുതിയ ബജറ്റ് നമ്മുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്. മേൽപ്പറഞ്ഞ വികസനങ്ങൾ പൂർത്തീകരിക്കുന്നതിനും സുസ്ഥിരത കൈവരിക്കുന്നതിനും നമുക്ക് ബഹുദൂരം മുന്നേറാനുണ്ട്. ഒരു ഭരണകൂടത്തിന് തങ്ങളുടെ സമൂഹത്തോടുള്ള ഉത്തരവാദിത്തമായ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, കൃഷി, മൃഗസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, വയോജന-പാലിയേറ്റീവ് പരിപാലനം വനിതാ, ശിശുക്ഷേമ പദ്ധതികൾ ഭിന്ന ശേഷിക്കാ രുടെ സരക്ഷണം തുടങ്ങി, താഴെക്കിട യിലുള്ള സാമ്പത്തിക-സാമൂഹിക സുസ്ഥിരത കൈവരിക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാനുള്ള ഫലപ്രദവും ജനോപകാരപ്രദവുമായ വിവിധ പദ്ധതികളാൽ സമൃദ്ധമായ ഈ ബജറ്റ് എടവകയുടെ മുഴുവൻ പൗര സമൂഹവും സന്തോഷത്തോടുകൂടി ഏറ്റെടുക്കുമെന്ന് എനിക്കുറപ്പുണ്ട്. ഭരണസമിതിയുടെ നാലാമത് ബജറ്റിനും അത് അവതരിപ്പിക്കുന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണും വൈസ് പ്രസിഡണ്ടുമായ ശ്രീമതി ഗിരിജാ സുധാകരന് അഭിവാദനവും ആശംസയും അർപ്പിക്കുന്നു. ഒപ്പം നമ്മുടെ ജനതയുടെ ആവശ്യങ്ങളും സ്വപ്നങ്ങളും സഫലമാക്കുക എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് കൈ കോർത്ത് ഏകമനസ്സായി നമുക്ക് നടക്കാം.

ഭാവുകങ്ങളോടെ,

പള്ളിക്കൽ
21/02/2024

അഹമ്മദ് കുട്ടി ബ്രാൻ
പ്രസിഡൻറ്
എടവക ഗ്രാമപഞ്ചായത്ത്

# എടവക ഗ്രാമപഞ്ചായത്ത്
# ബഡ്ജറ്റ് അവതരണം 2024-25



**ശ്രീമതി ഗിരിജ സുധാകരൻ**
**വൈസ് പ്രസിഡണ്ട്**

1962 ൽ സ്ഥാപിതമായ എടവക ഗ്രാമപഞ്ചായത്ത് 61 ആണ്ടുകളിലെ മികവാർന്ന പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളിൽ ചിര പ്രതിഷ്ഠനേടി മുന്നേറുകയാണ്. 2024 25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അതായത് ഈ ഭരണസമിതിയുടെ നാലാമത്തെ ബഡ്ജറ്റും, എന്റെ ആദ്യ ബഡ്ജറ്റുമാണ്. ഇത് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുമ്പോൾ, കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഈ ഭരണസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ കഴിഞ്ഞപ്പോൾ ആയതിന് വേണ്ടി അക്ഷീണം പരിശ്രമിച്ച മുൻ പ്രസിഡന്റ് എച്ച്.ബി പ്രദീപ് മാസ്റ്ററേയും, പ്രസിഡന്റിന്റെ വലം കൈയായി നിന്ന് മുഴുവൻ പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ച മുൻ വൈസ് പ്രസിഡണ്ട് ശ്രീമതി ജംസീറ ശിഹാബിനേയും അഭിനന്ദിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു. സംസ്ഥാന സർക്കാരിന്റെ  സാമ്പത്തിക പ്രതിസന്ധി പദ്ധതി പ്രവർത്തനത്തെ അല്പം പിന്നോട്ടടിപ്പിച്ചെങ്കിലും, 2023-24 ബഡ്ജറ്റിൽ നമ്മൾ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ സാധിച്ചത് മുഴുവൻ ജനപ്രതിനിധികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും, ജീവനക്കാരുടെയും അവസരോചിതമായ ഇടപെടലുകളാണ് അവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## മണ്ണും മനുഷ്യനും

ശാസ്ത്രലോകത്തിന്റെ അന്വേഷണ ത്വര ചന്ദ്രനിലും സൂര്യനിലും എത്തി നിൽക്കുമ്പോൾ മനുഷ്യന്റെ പശിയകറ്റാൻ മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകൻ നാടിന് അത്യന്താപേക്ഷിതമാണ്. ഈ തിരിച്ചറിവിൽ നിന്നും പാഠമുൾക്കൊണ്ട് പദ്ധതി തുകയുടെ സിംഹഭാഗം ഈ മേഖലയിൽ ചെലവഴിച്ച് ഇനിയും പുതിയ ചെറുവയൽ രാമൻമാരും, ബാലകൃഷ്ണന്മാരും, മാനുവലേട്ടനും,അയ്യൂബ് തോട്ടോളിയും, ലതാ വിജയനും ഉണ്ടാകുവാൻ കാർഷിക മേഖലയ്ക്കായി 1 കോടി 44 ലക്ഷത്തിതൊന്നൂറ്റി ഒന്നായിരത്തി എഴുന്നൂറ്റി അമ്പത് രൂപ വകയിരുത്തുന്നു (14491750/-).

മൃഗസംരക്ഷണം ജീവിത മാർഗ്ഗമാക്കിയ ആളുകൾക്ക് സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ആയതിലൂടെ അപ്രതീക്ഷിത രോഗങ്ങളിലൂടെയും പ്രകൃതി ദുരന്തങ്ങളിലൂടെയും, നഷ്ടപ്പെടുന്ന മൃഗങ്ങളുടെ നഷ്ടം നികത്തുന്നതിനും, കർഷകരുടെ കണ്ണീർ ഇനിയും ഈ ഭൂമിയിൽ വീഴാതിരിക്കുന്നതിനായി 5 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

## ഇനി വരുന്നൊരു തല മുറയ്ക്ക്

**"ഇവിടെ വാസം സാദ്ധ്യമോ"** എന്ന് സംശയിക്കുന്ന ഈ കാലയളവിൽ മാലിന മാക്കുന്ന നമ്മുടെ പ്രകൃതിയെ വിശുദ്ധമാക്കാൻ കാർബൺ ഉല്പാദനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ റൈസ് ടു നെറ്റ് സീറോ എന്ന പദ്ധതി തുടരുന്നു. അതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

നെൽ കൃഷിയും പശുവളർത്തലും ഉപജീവനമാർഗ്ഗമാക്കിയ എടവകയുടെ ജനതയ്ക്ക് സഹായകരമാകുന്നതിനായ നെൽകൃഷി പ്രോത്സാഹനത്തിന് 42 ലക്ഷം രൂപയും, പാൽ സബ്സിഡി ഇനത്തിൽ 42 ലക്ഷം രൂപയും, ഉൾപ്പെടെ ആകെ 84 ലക്ഷം രൂപ വകയിരുത്തുന്നു. എന്നും ആദരിക്കപ്പെടേണ്ടവരാണ് കർഷകർ, ആയതിനാൽ കർഷകരോടുള്ള ആദരവ് പ്രകടമാക്കുന്നതിനായി ചിങ്ങപുലരിയുടെ തെളിമയിൽ ഉത്തമ കർഷകരെ ആദരിക്കുന്നതിനായി 1,25,000 രൂപ വകയിരുത്തുന്നു.

## സുഖ യാത്ര ശുഭയാത്ര

എടവക ഗ്രാമീണ റോഡുകളാൽ സമ്പന്നമാണ്. പൂർവികരുടെ അക്ഷീണ പരിശ്രമത്താൽ പൂർത്തീകരിക്കപ്പെട്ട നിരത്തുകൾ പരിപാലിക്കുന്നതിൽ നാം ഇതുവരെ പിന്നോക്കം പോയിട്ടില്ല. മെയിന്റനൻസ് ഫണ്ടായ 6 കോടി രൂപയും, തനത് ഫണ്ടിൽ നിന്ന്

2 കോടി രൂപയും ഉൾപ്പെടെ ആകെ 8 കോടി രൂപ റോഡ് പരിപാലനത്തിനായി വകയിരുത്തുന്നു.

## ഗ്രാമീണ ടൂറിസം പദ്ധതി

ഗ്രാമീണ ടൂറിസം രംഗത്ത് എടവക ഗ്രാമപഞ്ചായത്ത് ചുവട് ഉറപ്പിക്കുന്നതിന്റെ ഭാഗമായി ദ്വാരകയിൽ പഞ്ചായത്ത് ബസ് വേയോടനുബന്ധിച്ച് വനിതാ വിനോദ സഞ്ചാരികളെ ലക്ഷ്യമിട്ട് നിർമ്മിക്കുന്ന **'ഷീ ലോഡ്ജ്'** നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 23 ലക്ഷം രൂപയും, ഫർണിച്ചറുകൾ വാങ്ങുന്നതിനായി 9 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 32 ലക്ഷം രൂപ വകയിരുത്തുന്നു. പൈങ്ങാട്ടിരി ടൂറിസം സെന്റർ സജ്ജമാക്കുന്നതിനായി 15 ലക്ഷം രുപ വകയിരുത്തുന്നു.

അമൃതസരോവർ പൊതുകുളനവീകരണത്തിന്റെ ഭാഗമായി പണി പൂർത്തീകരിച്ച പൊതുകുളത്തിനോട് ചേർന്ന് ഹാപ്പിനസ് പാർക്ക് , ജോഗിംങ് ബേ , ഹെൽത്ത് ക്ലബ് സെൽഫി പോയിന്റ് എന്നിവ വിവിധ സർക്കാർ സർക്കാർ ഇതര ഫണ്ട് കണ്ടെത്തി പൂർത്തീകരിക്കുന്നതിലൂടെ എടവക നിവാസികൾക്ക് സന്തോഷകരമായി സയാഹ്നം ചിലവഴിക്കാൻ അവസരം ഒരുങ്ങും.

## ജൈവവൈവിധ്യ പരിപാലനം

ഏതാണ്ട് 16 കിലോമീറ്ററോളം വരുന്ന എടവക പഞ്ചായത്തിലെ പുഴ മാലിന്യ വിമുക്തമാകാനും, മണൽ വാരൽ നിയന്ത്രിക്കുകയും പുഴ തീരം ഇടിഞ്ഞു വീഴുന്നതിനെതിരെ തീര സംരക്ഷണവും, കൂടാതെ പുഴയും പുഴതീരവും സംരക്ഷിക്കുന്നതിന് പ്രാദേശിക ജനങ്ങളെ ഉൾപ്പെടുത്തി ഒരു കാവൽ സംഘത്തെ രൂപീകരിച്ചുകൊണ്ട് ജൈവവൈവിധ്യ പരിപാലന സമിതിയുടെ സഹായത്തോടെ സംരക്ഷിച്ചും സൗന്ദര്യ വൽക്കരിച്ചു കൊണ്ടും, ശുചിത്വ മിഷന്റെയും, നവ കേരള മിഷന്റെയും സഹായത്തോടും സഹകരണത്തോടെ സമഗ്രമായ പദ്ധതികളാണ് എടവക പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളത് അത് എക്കോ ടൂറിസത്തിലൂടെ നമ്മുടെ പഞ്ചായത്തിന്റെ ടൂറിസം സങ്കല്പങ്ങളെ വലിയതോതിൽ സഹായിക്കാൻ കാരണമാകും.

## സമ്പൂർണ്ണ ദിശാസൂചക പഞ്ചാത്ത്

എടവക ഗ്രാമപഞ്ചായത്ത് പുതിയൊരു ചുവടുവെപ്പിന് മുതിരുകയാണ്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ദിശാ സൂചക പഞ്ചായത്തായി മാറുക എന്നതാണ് നമ്മുടെ ലക്ഷ്യം.

വിവിധ ആവശ്യങ്ങൾക്കായി ദൈനംദിനം നിരവധി ആളുകൾ എടവക ഗ്രാമ പഞ്ചായത്തിലൂടെ യാത്ര ചെയ്യുന്നുണ്ട്.

സ്റ്റേറ്റ് ഹൈവേ, മേജർ ഡിസ്ട്രിക്റ്റ് റോഡ്, പഞ്ചായത്ത് റോഡുകൾ അടക്കം നിരവധി റോഡുകൾ എടവക ഗ്രാമ പഞ്ചായത്തിലുണ്ട്, നിരവധി കവലകളും അങ്ങാടികളും വ്യാപാര കേന്ദ്രങ്ങളും, പൈതൃക കേന്ദ്രങ്ങളും, ടൂറിസ്റ്റ് സ്പോട്ടുകളും നമുക്കുണ്ട്. ഇവിടങ്ങളിലേക്ക് കൃത്യമായി എത്തിപ്പെടാനും ആരോടും വഴിചോദിക്കാതെ കൃത്യമായി എത്തേണ്ട സ്ഥലത്ത് എത്താനും, ഓരോ പ്രദേശത്തുമുള്ള പ്രത്യേകതകൾ അടക്കം QR കോഡ് സ്കാൻ ചെയ്ത് കണ്ടുപിടിക്കാൻ ഉതകുന്ന രീതിയിൽ എടവക ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റോഡുകൾക്കും പോക്കറ്റ് റോഡുകൾക്കും, പൈതൃക കേന്ദ്രങ്ങൾക്കും, ടൂറിസ്റ്റ് പോയിന്റുകൾക്കും, അങ്ങാടികൾക്കും, പ്രമുഖ സ്ഥാപനങ്ങൾക്കും അടക്കം സ്ഥലവും ദൂരവും രേഖപ്പെടുത്തിയ ദിശാസൂചകങ്ങൾ (സൈൻ ബോർഡ് ) സ്ഥാപിക്കുക.

എടവക ഗ്രാമ പഞ്ചായത്തിലൂടെ യാത്ര ചെയ്യുന്നവർക്ക് സഞ്ചാരം എളുപ്പമാക്കുക. പഞ്ചായത്തിലെ ഓരോ പ്രദേശത്തും കൃത്യമായി എത്തിപ്പെടാനുള്ള സാഹചര്യം ഉണ്ടാക്കുക. സഞ്ചാരികളേയും വിദേശികളേയും ആകർഷിപ്പിക്കുക. തുടങ്ങിയ ലക്ഷ്യം നമുക്ക് നിറവേറ്റാൻ സാധിക്കും.

**അഞ്ച് ഘട്ടങ്ങളിലായി നമുക്ക് പദ്ധതി പൂർത്തിയാക്കാൻ സാധിക്കും**

- സർവ്വേ, മാപ്പിംഗ് & ഡാറ്റാ പ്രിപ്പറേഷൻ.
- പ്രധാന നിരത്തുകൾ, കവലകൾ അങ്ങാടികൾ, പ്രമുഖ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ദിശാസൂചകങ്ങൾ സ്ഥാപിക്കുക.
- പഞ്ചായത്തിലെ ഓരോ ഗ്രാമീണ റോഡുകൾ, കവലകൾ, ചെറിയ അങ്ങാടികൾ, പ്രദേശങ്ങൾ എന്നിവയ്ക്കുള്ള ദിശാ സൂചകങ്ങൾ സ്ഥാപിക്കുക.
- എടവക ഗ്രാമപഞ്ചായത്തിലെ പൈതൃക കേന്ദ്രങ്ങൾ, ടൂറിസ്റ്റ് സ്പോട്ടുകൾ, അവിടെ നിന്നും കണക്ട് ചെയ്യാനുള്ള സ്ഥലങ്ങൾ അവിടേക്കുള്ള ദൂരങ്ങൾ, ഓരോ സ്ഥലങ്ങളുടെയും പ്രത്യേകതകൾ, ഓൺലൈനിൽ സർച്ച് ചെയ്യുവാനും റിവ്യൂ ചെയ്യുവാനുമുള്ള QR കോഡുകൾ എന്നിവ ഉൾപ്പെടുന്ന ദിശാസൂചകങ്ങൾ സ്ഥാപിക്കുക.
- എടവക ഗ്രാമപഞ്ചായത്തിലെ അതിർത്തി തുടങ്ങുന്ന എല്ലായിടങ്ങളിലും ഗ്രാമപഞ്ചായത്തിലേക്കുള്ള സ്വാഗത ബോർഡും ഭരണഘടന ആമുഖവും,

പഞ്ചായത്തിന്റെ പ്രാഥമിക സ്ഥിതി വിവര കണക്കുകളും CCTV ക്യാമറയും സ്ഥാപിക്കുക.

[ പഞ്ചായത്തിന്റെ ഫണ്ട് ഈ പദ്ധതിക്ക് അപര്യാപ്തമാണെങ്കിൽ പ്രാദേശിക അടിസ്ഥാനത്തിൽ വ്യക്തികളിൽ നിന്നും പൊതു സ്ഥാപനങ്ങളിൽ നിന്നും, പ്രവാസികളിൽ നിന്നും, സന്നദ്ധ കൂട്ടായ്മകളിൽ നിന്നും ഫണ്ട് കണ്ടെത്താവുന്നതാണ്. ]

## സമഗ്ര വനിതാ വികസന പദ്ധതി (വീരാംഗന ഫേസ് 3)

സ്ത്രീകളുടെ മെച്ചപ്പെട്ടതും സുസ്ഥിരവുമായ ഭാവി മുന്നിൽ കണ്ടുകൊണ്ട് അവരുടെ സാമൂഹിക സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനും തൊഴിൽ നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ജെൻഡർ സ്റ്റാറ്റസ് സ്റ്റഡി സെൻറർ സ്ഥാപിക്കുന്നതിനും, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ സേവനം ലഭ്യമാക്കുന്നതിനുമായി അഞ്ച് ലക്ഷത്തി പതിനായിരം രൂപ വകയിരുത്തുന്നു. കൂടാതെ സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയരക്ഷ നേടുകയെന്ന ലക്ഷ്യത്തോടെയും തായ്ക്വാണ്ട, കളരി, പരിശീലന പരിപാടി നടത്തുന്നതിനും നമ്മൾ ലക്ഷ്യമിടുന്നു.

## കുടുംബശ്രീ

എടവക ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനം സ്ത്രീകളുടെ സമഗ്രവികസനത്തിന് മികച്ച പിന്തുണയേകുന്നു. ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ട് ആരംഭിച്ച കുടുംബശ്രീ സംവിധാനങ്ങൾ ഇന്ന് നാടിന്റെ നട്ടെല്ലായി മാറിയിട്ടുണ്ട്. എടവക ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ന്റെ കീഴിൽ മികവാർന്ന പ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്.ആയതിനുള്ള അംഗീകാരങ്ങളും സർക്കാരിൽ നിന്ന് നമ്മുക്ക് ലഭിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്ന **'ഷീ ലോഡ്ജ്'** യാത്രികരായ സ്ത്രീകൾക്ക് ഗുണകരമാകുന്ന പദ്ധതിയാണ്. ആയതിന്റെ പൂർത്തീകരണത്തിനായി 32 ലക്ഷം രൂപ വകയിരുത്തുന്നു.

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്ന പഞ്ചായത്താണ് എടവക ഗ്രാമപഞ്ചായത്ത്. തുടർച്ചയായി രണ്ട് വർഷം ഏറ്റവും മികച്ച പഞ്ചായത്തിനുള്ള മഹാത്മ പുരസ്കാരം ലഭിക്കുകയുണ്ടായി. വേതനഘടകം 9 കോടി ചെലവഴിക്കുവാൻ തനതു വർഷം കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. അമൃത് സരോവർ പദ്ധതിയിലുൾപ്പെടുത്തി പൈങ്ങാട്ടിരി,നഞ്ഞോത്ത് പൊതുകുളങ്ങളുടെ നവീകരണം, അങ്കണവാടികൾ ഗ്രാമീണ നടപ്പാതകൾ, തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, സോക്ക് പിറ്റ്,കമ്പോസ്റ്റ് പിറ്റ്,കിണർ റീച്ചാർച്ച്, കൽവെർട്ടുകൾ എന്നിവയെല്ലാം തൊഴിലുറപ്പ് പദ്ധതി വഴി നാം നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്ത് ആസൂത്രണ സമിതി അംഗമായ ഡോ. ജോസഫ് മക്കോളിൽ അഞ്ച് വർഷത്തേക്ക് സൗജന്യമായി അയിലമൂല പ്രദേശത്ത് അനുവദിച്ചുതന്ന രണ്ടരയേക്കർ വരുന്ന ഭൂമിയിൽ തൊഴിലുറപ്പ് പദ്ധതിയുടെയും കേരള ബയോഡൈവേഴ്സിറ്റി ബോർഡിന്റെയും പിൻബലത്തോടെ ജലാശയ ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ചു .

ദ്രവമാലിന്യങ്ങൾ റോഡുകളിലേക്ക് ഒഴുക്കിവിടുന്ന പ്രവണതക്ക് തടയിടുന്നതിനുവേണ്ടി 300 സോക്ക് പിറ്റുകൾ തൊഴിലുറപ്പ് പദ്ധതി വഴി നിർമ്മിച്ചു നൽകുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തുന്നു.

തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ ഫണ്ട് ഉപയോഗിച്ച് ഗ്രാമീണ റോഡുകളുടെ നിർമ്മാണം കൽവർട്ടുകളുടെ നിർമ്മാണം ജലസംരക്ഷണത്തിന്റെ ഭാഗമായി വിവിധതരം തടയണകൾ കയ്യാലകൾ തട്ട്തിരിക്കൽ പ്രവർത്തികൾ മുതലായവ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി 1.6 കോടി രൂപ വകയിരുത്തുന്നു.

കുടുംബശ്രീ സംരംഭകർക്കുള്ള വർക്ക്ഷെഡുകളുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തുന്നു. എസ് ടി മേഖലയിലുള്ള തൊഴിലാളികൾക്ക് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ആവശ്യമായിട്ടുള്ള വ്യക്തിഗത ആസ്തികൾ തൊഴുത്ത്, ആട്ടിൻകൂട്, കോഴി കൂട്, മുതലായവ തൊഴിലുറപ്പിന്റെ ഭാഗമായി നിർമ്മിച്ച് നൽകുന്നതിനായി 80 ലക്ഷം രുപ വകയിരുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിലുൾപ്പെടുത്തി ക്രമിറ്റോറിയം നിർമ്മിക്കുന്നതിനായി 30 ലക്ഷം രുപ വകയിരുത്തുന്നു. ജലസംരക്ഷണത്തിന്റെ ഭാഗമായി വിവിധ തരം തടയണകളുടെ നിർമ്മാണത്തിനായി 40 ലക്ഷം രുപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## വയോജന ക്ഷേമം

**'ഒരു നാൾ നമുക്കവർ കരുതലായിരുന്നു. ഇനി നാം അവർക്ക് കരുതലാവണം'**

പ്രിയപ്പെട്ടവർ അവരുടെ യൗവനം വെയിൽ കൊണ്ടതിന്റെ തണലാണ് നാമിന്നനുഭവിക്കുന്നത്. വയോജനങ്ങളുടേയും കിടപ്പുരോഗികളുടെയും കണ്ണും, കാലും, കാതുമായി കൂടെ നിന്ന് പ്രവർത്തിക്കുമ്പോഴാണ് മനുഷ്യൻ മനുഷ്യന്റെ ജൈവികമായ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിർവ്വഹിക്കപ്പെടുകയുള്ളുവെന്നതാണ് എടവക ഭരണസമിതിയുടെ പ്രഖ്യാപിത നയം. ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പിനായി സമഗ്ര പദ്ധതികൾ 2024-25 വർഷത്തിൽ ഉൾപ്പെടുത്തുന്നു. സ്വാന്തന പരിചരണം ഉറപ്പുവരുത്തുന്നതിനായി പാലിയേറ്റീവ് കെയർ, വയോജന ആരോഗ്യപരിപാലനത്തിനായി, പുനർജനി ക്ലിനിക്, വയോജന മാനസിക ശാരീരിക ഉല്ലാസത്തിനായി വയോജന ക്ഷേമ പ്രവർത്തനങ്ങൾ, സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം എന്നിവ ഇത്തരത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വയോജനക്ഷേമത്തിനും, പാലിയേറ്റീവ് പരിചരണത്തിനുമായി 26 ലക്ഷം രൂപ വകയിരുത്തുന്നു.

## കുട്ടികളുടെ ക്ഷേമം

***'ഒരിക്കൽ വലിയ ആളാവാൻ ഞാൻ കാണിച്ച കുട്ടിയ വലിയ വലിയ കാര്യങ്ങളാണ് ഇന്നും എന്റെ ഉള്ളിലെ ആ കുഞ്ഞിനെ അവിടെ വളർത്താതെ നിർത്തിയിരിക്കുന്നത്'*.**

ഈ ലോകത്തെയും ചിന്തയെയും മാറ്റി മറിക്കുന്നത് ഇന്നത്തെ കുട്ടികളും, നാളത്തെ പൗരന്മാരുമാണ്. കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നാം എക്കാലവും മുന്തിയ പരിഗണനയാണ് നൽകുന്നത്. 2023-24 വർഷം മുതൽ നാം നടപ്പിലാക്കിവരുന്ന **'ഒൻജായ്'** പട്ടിക വർഗ്ഗ വിദ്യാർഥികളുടെ പഠന പോഷണ പദ്ധതി കൂടുതൽ ജനകീയവും സമഗ്രവുമായി നമുക്ക് തുടരേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കുട, ബാഗ്, നോട്ട് ബുക്ക്, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം, അംഗൻവാടി കലോത്സവം, സ്കൂളുകൾക്ക് കളിയുപകരണങ്ങൾ, കുട്ടികൾക്ക് കായിക പരിശീലനം, എന്നിവ ഈ വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് മേൽ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 37,65,000 രൂപ മാറ്റിവെക്കുന്നു.

LSS & USS

വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് തിളക്കമാർന്ന വളർച്ചക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി എൽ.എസ്.എസ് അഥവാ ലോവർ സെക്കൻഡറി സ്കോളർഷിപ്പിനും, യു.എസ്.എസ് അഥവാ അപ്പർ സെക്കൻഡറി സ്കോളർഷിപ്പിനുമായി കണ്ടെത്തുന്ന മിടുക്കരായ കുട്ടികളെ കാലഘട്ടത്തിന് അനുസരിച്ച് ഉയർന്ന മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും കൂടാതെ വിദ്യാർത്ഥികളുടെ ഭയവും വിമുഖതയും മാറ്റിയെടുത്ത് മികവാർന്ന പ്രതിഭകളാക്കി മാറ്റി നിരന്തര പരിശീലനത്തിലൂടെ ഉയർന്ന വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കി ജീവിത വിജയം കൈവരിച്ച് സമൂഹത്തിന് നേട്ടമുണ്ടാക്കുക എന്ന ആശയം നിറവേറ്റുന്നതിന്ന് LSS USS ക്യാമ്പയിൻ. നാം ആരംഭിച്ച ഇതിന്റെ പ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിലൂടെയും നാം തുടരുന്നു.

ഒഞ്ചായി

എടവക ഗ്രാമപഞ്ചായത്തിലെ ഗോത്രവർഗ വിദ്യാർത്ഥികളുടെ പഠന പോഷണ പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹാജർ നില മെച്ചപ്പെടുത്തുന്നതിനും, പഠന മികവിനും വേണ്ടി, പഠനത്തിലും, ഹാജർ നിലയിലും പിന്നോട്ട് പോകുന്ന ഗോത്ര വിദ്യാർത്ഥികളെ കണ്ടെത്തി ആവശ്യമായ പിന്തുണ സംവിധാനങ്ങൾ മെച്ചപ്പെടുത്തു ന്നതിനുള്ള എടവക ഗ്രാമപഞ്ചായത്തിൻറെ ഒരു സമഗ്ര പദ്ധതിയാണ് ഒഞ്ചായി. അദ്ധ്യാപകരും രക്ഷിതാക്കളും സമൂഹ്യപ്രവർത്തകരും, ഭരണസമിതിയും ഒന്നായി ചേർന്നുകൊണ്ട് ഗോത്ര വിഭാഗത്തിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തി തുല്യത ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം.ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

എടവക പഞ്ചായത്തിലെ വിദ്യാഭ്യാസ ഉന്നമനത്തിന് വിലമതിക്കാനാവാത്ത സംഭാവനകളാണ് കാലാകാലങ്ങളിൽ എടവക ഗ്രാമപഞ്ചായത്ത് ഭരണസമിതി നൽകാറുള്ളത്. ഘടക സ്ഥാപനങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടിസ്ഥാന സൗകര്യങ്ങളും, പഠനസാമഗ്രികളും, ഫർണിച്ചറുകളും ഒരുക്കി പഠന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മുൻപന്തിയിലാണ്. കേരളത്തിലെ തന്നെ ഏറ്റവും പഴക്കം ചെന്ന എൽ.പി സ്കൂളായ പള്ളിക്കൽ ഗവർമെന്റ് എൽ.പി സ്കൂൾ അതിന്റെ മുൻകാല പ്രതാപത്തിലേക്ക് ഉയർത്തികൊണ്ടുവരുക എന്ന ലക്ഷ്യത്തോടുകൂടി പഞ്ചായത്ത് ഭരണസമിതി പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന്ന് പതിനാറാം വാർഡ് മെമ്പർ ശ്രീ അഹമ്മദ് കുട്ടി ബ്രാൻ ഒരു പ്രമേയം അവതരിപ്പിക്കുകയും, ഒന്നാം വാർഡ് മെമ്പർ ജോർജ് പടകൂട്ടിൽ

പിൻതാങ്ങുകയും, ഭരണ സമിതി ഐക്യകഠേന പാസ്സാക്കി ഗവർമെന്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് . അനുമതി ലഭിക്കുന്ന മുറക്ക് നമുക്ക് ആരംഭിക്കുവാൻ സാധിക്കും.

## ഗ്രീൻ ക്ലീൻ എടവക

ശുചിത്വത്തിനും മാലിന്യ സംസ്കരണത്തിനും മുന്തിയ പരിഗണനയാണ് എടവക ഗ്രാമപഞ്ചായത്ത് നൽകുന്നത്. യൂസർ ഫീ കലക്ഷൻ 100% ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി പട്ടികവർഗ്ഗ പണിയ വിഭാഗത്തിന്റെ യൂസർ ഫീ നൽകുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ജനറൽ വിഭാഗത്തിൽപ്പെട്ട നിത്യ രോഗികൾക്കും വളരെയധികം കഷ്ടപ്പാടുകൾ അനുഭവപ്പെടുന്നവർക്കും സഹായകമായി അവരുടെ യൂസർഫീസ് അടവാക്കുന്ന തിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഭാവിയിൽ കരുത്താർന്ന ഒരു മാലിന്യ സംസ്കരണ ബോധമുള്ള തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന പ്രവർത്തികൾ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്യുന്നു. ഗാർഹിക മാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിന് ബാസ്കറ്റ് എല്ലാ വീടുകളിലും എത്തിച്ച് നമ്മുക്ക് ലക്ഷ്യം പൂർത്തീകരിക്കേണ്ടതുണ്ട്.ആയതിനുള്ള പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തുന്നു.

പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ നിന്നും കൊണ്ടുവരുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സംഭരിച്ച് തരംതിരിക്കുന്ന വാളേരിയിലെ MCF കൂടുതൽ ആധുനികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വർഷം 4 ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി 8 ക്യാമറകൾ അടുത്തവർഷം സ്ഥാപിക്കും. എം.സി.എഫ് ന്റെ സംഭരണശേഷി കൂട്ടുന്നതിനും, തരംതിരിവ് കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ജൈവ ജീവമാലിന്യം നല്ല രീതിയിൽ സംസ്കരിക്കുന്നതിനുള്ള നടപടികൾക്കും, തുമ്പൂർ മുഴി പ്രവർത്തനസജ്ജമാക്കുന്നതിനും, കൂടാതെ ഹരിതകർമ്മ സേനയുടെ ജൈവവള യൂണിറ്റിനെ പ്രവർത്തനക്ഷമമാക്കുന്നതിനും, പൊതുശുചിത്വം, ഖരമാലിന്യ പരിപാലനം, ദ്രവമാലിന്യ പരിപാലനം എന്നിവയ്ക്കുമായി 63 ലക്ഷം രൂപ വകയിരുത്തുന്നു.

## പാർപ്പിട മേഖല

**" സ്വന്തം വീട്ടിൽ ഉള്ളു തുറന്നു ചിരിക്കുവാനും, മടി കൂടാതെ കരയുവാനും, കളങ്കമില്ലാതെ സ്നേഹിക്കുവാനും, ഭയമില്ലാതെ ഉറങ്ങുവാനും പറ്റുന്നുണ്ടെങ്കിൽ അതിൽപരം സമാധാനം വേറെ എന്താണ് നമുക്ക് "**

സ്വന്തമായൊരു ഭവനം എല്ലാവരുടെയും സ്വപ്നവും ജീവിതാഭിലാഷവുമാണ് ലൈഫ് ഫേസ് 1, ഫേസ് 2, ലൈഫ് 2020, PMAY ഭവന പദ്ധതിയിലുൾപ്പെടുത്തി ഈ ഭരണ സമിതിയുടെ കാലയളവിൽ ഒത്തിരിയേറെ കുടുംബങ്ങളുടെ സ്വപ്നം പൂർത്തീകരിക്കു ന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. 2020 മുതൽ അപേക്ഷ കൊടുത്ത് കാത്തിരിക്കുന്ന ഭൂരഹിത ഭവന രഹിതരുടെയും, ഭൂമിയുള്ള ഭവന രഹിതരുടെയും ഭവനം നമുക്ക് പൂർത്തീകരിച്ച് നൽകേണ്ടതുണ്ട്. പദ്ധതി വിഹിതത്തിൽ നിന്ന് മാത്രമായി പാർപ്പിട മേഖലയ്ക്ക് 1 കോടി 10 ലക്ഷം രൂപ വകയിരുത്തുന്നു. ലോൺ ഇനത്തിൽ പ്രതീക്ഷിക്കുന്ന 38633750 രൂപ കൂടി ലഭ്യമാകുന്ന പക്ഷം നമുക്ക് ലക്ഷ്യത്തിലേക്ക് മുന്നേറാമെന്ന് പ്രതീക്ഷിക്കുന്നു.

## ആരോഗ്യം

സുശക്തമായ ആരോഗ്യ സംവിധാനവും, സ്ഥാപനങ്ങളും എടവകയുടെ കരുത്താണ് 2023–24 വർഷത്തെ എൻ.എ.ബി.എച്ച് അക്രഡിഷൻ ലഭിച്ച കേരളത്തിലെ എണ്ണം പറഞ്ഞ സ്ഥാപനങ്ങളിൽ വാളേരി ഹോമിയോ ഡിസ്പെൻസറി ഉൾപ്പെട്ടത് അഭിമാനകരമായ നേട്ടമാണ്. ആരോഗ്യ സ്ഥാപനങ്ങളുടെ ഉന്നമനത്തിനും, പൊതുജന ആരോഗ്യ പരിപാലനത്തിനും, നമ്മുടെ ഭരണസമിതി പ്രഥമ പരിഗണനയാണ് നൽകി വരുന്നത്. ആരോഗ്യ മേഖലയ്ക്ക് നമ്മൾ നൽകുന്ന പ്രാധാന്യവും പരിഗണനയും കൊണ്ടാണ് ഇക്കാലയളവിൽ ഒത്തിരിയേറെ പുരസ്കാരങ്ങൾ നമുക്ക് നേടിയെടുക്കാൻ സാധിച്ചത്. ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ,സബ് സെന്ററുകൾക്ക് വാട്ടർ പ്യൂരിഫയർ, സബ് സെന്റർ, ബാത്ത് റൂം ടോയ് ലെറ്റ് നിർമ്മാണം, അതിദരിദ്ര്യർക്ക് മരുന്ന് വിതരണം, നല്ലൂർനാട് ക്യാൻസർ സെന്ററിന് ധനസഹായം, ആയുർവേദ ഡിസ്പെൻസറിക്ക് ഫിസിയോ തെറാപ്പി അടക്കമുള്ള ഉപകരണങ്ങൾ എന്നിവയുള്ള പദ്ധതികൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ആരോഗ്യ മേഖലയ്ക്കായി 70 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

## <u>ഉപസംഹാരം</u>

മുൻഗാമികൾ പകർന്ന് നൽകിയ മാതൃകാപരമായ പ്രവർത്തനങ്ങളും അറിവും, അതോടൊപ്പം പ്രിയപ്പെട്ട ജീവനക്കാരും സഹപ്രവർത്തകരും നല്കിയ പിന്തുണയും കരുത്തുമാണ് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് എനിക്കുള്ള പ്രചോദനം. എല്ലാവരേയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ബഡ്ജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**ശ്രീമതി ഗിരിജ സുധാകരൻ**
**വൈസ് പ്രസിഡണ്ട്**
**എടവക ഗ്രാമപഞ്ചായത്ത്**